# സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ – കുടുംബശ്രീ
# എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടി

(ഹാജർ :- കെ.ബി. വത്സലകുമാരി)

വിഷയം: കുടുംബശ്രീ – സൂക്ഷ്മ സംരംഭങ്ങൾക്ക്/ സംരംഭക കൂട്ടായ്മകൾക്ക് ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ട് അനുവദിക്കുന്നതിനുള്ള പ്രവർത്തന മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

***__Order No. KS-D -6157/2013 dated 22 /04/2015__***

വിജയകരമായി പ്രവർത്തിച്ചു വരുന്ന സൂക്ഷ്മ സംരംഭങ്ങൾക്ക്/ സംരംഭക കൂട്ടായ്മകൾക്ക് അവരുടെ പ്രവർത്തനം ഗുണപരമായും അളവുപരമായും മെച്ചപ്പെടുത്തുന്നതിന് നിലവിലുള്ള സാങ്കേതിക വിദ്യകളും യന്ത്രസാമഗ്രികളും അനുബന്ധ ഉപകരണങ്ങളും നാളതീകരിക്കുന്നതിനുള്ള അധിക ധനസഹായമാണ് ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ട്. ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ട് അനുവദിക്കുന്നതിനുള്ള പ്രവർത്തന മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു.

## സൂക്ഷ്മ സംരംഭങ്ങൾക്ക് ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ട്-

## പ്രവർത്തന മാർഗ്ഗ നിർദ്ദേശങ്ങൾ

ഉദ്ദേശ്യം: വിജകരമായി പ്രവർത്തിച്ചു വരുന്ന സൂക്ഷ്മ സംരംഭങ്ങൾക്ക്/ സംരംഭക കൂട്ടായ്മകൾക്ക് അവരുടെ പ്രവർത്തനം ഗുണപരമായും അളവുപരമായും മെച്ചപ്പെടുത്തുന്നതിന് നിലവിലുള്ള സാങ്കേതിക വിദ്യകളും യന്ത്രസാമഗ്രികളും അനുബന്ധ ഉപകരണങ്ങളും നാളതീകരിക്കുന്നതിനുള്ള അധിക ധനസഹായമാണ് ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ട് വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളത്.

### A. സൂക്ഷ്മ സംരംഭങ്ങൾ

**യോഗ്യതാമാനദണ്ഡം:**

1) കുടുംബശ്രീയുടെ ഗ്രാമീണ സൂക്ഷ്മ സംരംഭ വികസന പദ്ധതി (ആർ.എം.ഇ) പ്രകാരമോ, യുവശ്രീ പദ്ധതി പ്രകാരമോ ആരംഭിച്ച ഗ്രൂപ്പ് സംരംഭങ്ങൾ

2) പഞ്ചായത്തിന്റെ പ്ലാൻ ഫണ്ട്, പ്രത്യേക കേന്ദ്ര ധനസഹായം (എസ്.സി.എ), ലിങ്കേജ് വായ്പ, എസ്.ജി.എസ്.വൈ തുടങ്ങിയ ഫണ്ട് ലഭ്യമാക്കി ആരംഭിച്ചതും എന്നാൽ ഗ്രൂപ്പ് അംഗങ്ങൾ എല്ലാം കുടുംബശ്രീ അംഗങ്ങൾ ആയിട്ടുള്ളതുമായ സംരംഭങ്ങൾ.

3) എസ്.ജെ.എസ്.ആർ.വൈ, യു.എം.ഇ, എൻ.യു.എൽ.എം പദ്ധതി പ്രകാരം ആരംഭിച്ചിട്ടുള്ള ഗ്രൂപ്പ് സംരംഭങ്ങൾ.

മേൽപറഞ്ഞ തരം സംരംഭങ്ങൾക്ക് താഴെപറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ടിന് അർഹതയുണ്ടായിരിക്കുന്നതാണ്.

i. നിലവിലുള്ളതും എന്നാൽ കഴിഞ്ഞ മൂന്നു വർഷക്കാലമായി പ്രവർത്തിച്ചു വരുന്നതുമായ സംരംഭങ്ങൾ (ബാങ്ക് വായ്പ അല്ലെങ്കിൽ ബന്ധപ്പെട്ട പദ്ധതി പ്രകാരമുള്ള സർക്കാർ ധനസഹായം ലഭിച്ച തീയതിയുടെ അടിസ്ഥാനത്തിലായിരിക്കും ആറ് മൂന്നു വർഷക്കാലയളവ് കണക്കാക്കുന്നത്)

ii. ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ടിന് അപേക്ഷ നല്കുന്ന സമയത്ത് ഗ്രൂപ്പിൽ രൂപീകരണ സമയത്തുണ്ടായിരുന്ന അത്രയും അംഗങ്ങൾ നിലവിലില്ലെങ്കിൽ, നിലവിലുള്ള അംഗങ്ങളുടെ എണ്ണത്തിന് ആനുപാതികമായി മാത്രമെ ധനസഹായം അനുവദിക്കുകയുള്ളൂ. (കുറഞ്ഞത് മൂന്നു അംഗങ്ങളെങ്കിലും ഗ്രൂപ്പിൽ സജീവമായി ഉണ്ടായിരിക്കണമെന്ന നിബന്ധനയ്ക്ക് വിധേയമായി).

iii. ഒറ്റതവണ മാത്രമെ ഒരു സംരംഭത്തിന് ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ട് ലഭിക്കുവാൻ അർഹതയുണ്ടായിരിക്കുകയുള്ളൂ.

**പ്രോജക്ട് തുക**

സാങ്കേതിക വിദ്യ യന്ത്രസാമഗ്രികൾ, മറ്റു ഉപകരണങ്ങൾ എന്നിവക്ക് വരുന്ന ചെലവ് അടക്കം മൊത്തം പ്രോജക്ട് തുക 10 ലക്ഷം രൂപയിൽ കവിയാൻ പാടുള്ളതല്ല.

**ധനസഹായം:**

ഭൂമി, കെട്ടിടം ഒഴികെയുള്ള സ്ഥിരമൂലധന നിക്ഷേപത്തിന്റെ 40% (ഒരു കുടുംബത്തിന് 35,000/- രൂപ, ആകെ 3,50,000/-രൂപ എന്നീ പരിധികൾക്ക് വിധേയമായി) ടെക്നോളജി ഫണ്ട് അനുവദിക്കാവുന്നതാണ്.

ഇതിനുപുറമേ വേണ്ടിവരുന്ന തുക ബാങ്ക് വായ്പ, ഗുണഭോക്തൃ വിഹിതം, മറ്റു ധനസ്രോതസ്സുകൾ തുടങ്ങിയവയിലൂടെ കണ്ടെത്തേണ്ടതാണ്.

**അപേക്ഷകളുടെ പരിശോധനയും അംഗീകാരം നല്കലും.**

നിശ്ചിത ഫോർമറ്റിലുള്ള അപേക്ഷ സി.ഡി.എസ്സും തുടർന്ന് ജില്ലാ മിഷൻ കോ-ഓർഡിനേറ്ററും പരിശോധനയ്ക്ക് വിധേയമാക്കി അർഹത ബോധ്യപ്പെട്ട ശേഷം മാത്രമെ സംസ്ഥാന മിഷനിൽ സമർപ്പിക്കാൻ പാടുള്ളു.

സംസ്ഥാന മിഷനിൽ ലഭ്യമാകുന്ന അപേക്ഷകൾ പരിശോധിച്ച് അംഗീകാരം നല്കുന്നതിന് താഴെപറയുന്നവർ അംഗങ്ങളായിട്ടുള്ള ഒരു പ്രോജക്ട് അംഗീകാര കമ്മിറ്റി ഉണ്ടായിരിക്കും.

| | |
|---|---|
| എക്സിക്യൂട്ടീവ് ഡയറക്ടർ | - അദ്ധ്യക്ഷ |
| ഡയറക്ടർ (എ & എഫ്) | - കൺവീനർ |
| പ്രോഗ്രാം ഓഫീസർ (എം.ഇ) | - അംഗം |
| അക്കൗണ്ട്സ് ഓഫീസർ | - അംഗം. |

ഇതിനു പുറമെ സാങ്കേതിക ഉപദേശം നല്കുന്നതിന് ആവശ്യമെങ്കിൽ വിദഗ്ധരെ കമ്മിറ്റിയിൽ ഉൾപ്പെടുത്തുന്നതിന് അദ്ധ്യക്ഷയ്ക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

**അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ**

1) പ്രോജക്ട് റിപ്പോർട്ട് (നിലവിലുള്ളതും പുതുതായി തയ്യാറാക്കിയതും)
2) നിലവിലുള്ള ബാങ്ക് ലോണിന്റെ തിരിച്ചടവ് വിവരങ്ങൾ
3) ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ് (മെമ്പർ സെക്രട്ടറിയോ സി.ഡി.എസ്. ചെയർപേഴ്സണോ സാക്ഷ്യപ്പെടുത്തിയത്)
4) നിലവിലുള്ള അംഗങ്ങളുടെ ഗ്രൂപ്പ് ഫോട്ടോ
5) കഴിഞ്ഞ 6 മാസക്കാലത്തെ വരവ്-ചെലവ് കണക്കിന്റെ സ്റ്റേറ്റ്മെന്റ് (എം.ഇ.സിയോ കാസ്സ് അംഗമോ തയ്യാറാക്കിയത്)
6) ജില്ലാ മിഷനിലെ എം.ഇ. കൺസൾട്ടന്റ് അല്ലെങ്കിൽ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ അന്വേഷണ റിപ്പോർട്ട് (മൂന്നു

വർഷക്കാലമായി പ്രവർത്തിക്കുന്നുണ്ട് എന്നത് പ്രത്യേകം പരാമർശിക്കണം).

7) സാങ്കേതിക വിദ്യ ലഭ്യമാക്കുന്ന സ്ഥാപനങ്ങളുടെ കത്ത് അല്ലെങ്കിൽ യന്ത്ര സാമഗ്രികൾ ലഭ്യമാക്കുന്നതിനു പ്രാപ്തമായ കുറഞ്ഞത് മൂന്നു ഏജൻസികളിൽ നിന്നുള്ള പ്രൊഫോർമാ ഇൻവോയിസ്.

**അനുവദനീയമായ ഘടകങ്ങൾ**

- നിലവിലുള്ള യന്ത്രസാമഗ്രി, അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ നൂതനമായവ
- വിവിധ ആവശ്യങ്ങൾക്കുള്ള കംപ്യൂട്ടർ, സോഫ്റ്റ് വെയർ വാങ്ങുന്നതിന്
- ഓഫീസ് സംവിധാനത്തിലുള്ള ഉപകരണങ്ങൾ വാങ്ങുന്നതിന്

**B. സൂക്ഷ്മ സംരംഭക കൂട്ടായ്മ**

യോഗ്യതാ മാനദണ്ഡം:- നിലവിലുള്ളതോ പുതിയതോ ആയ കുടുംബശ്രീ സൂക്ഷ്മ സംരംഭങ്ങളുടെ കൂട്ടായ്മ അല്ലെങ്കിൽ പ്രൊഡ്യൂസർ കമ്പനിക്ക് ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ട് ലഭിക്കുവാൻ അർഹതയുണ്ടായിരിക്കും. എന്നാൽ ഒറ്റത്തവണ മാത്രമേ ഒരു സംരംഭക കൂട്ടായ്മയ്ക്ക് / പ്രൊഡ്യൂസർ കമ്പനിക്ക് ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ട് ലഭിക്കാൻ അർഹത ഉണ്ടായിരിക്കുകയുള്ളൂ.

**പ്രോജക്റ്റ് തുക**

പരിധി നിശ്ചയിച്ചിട്ടില്ല.

**ധനസഹായം**

ഭൂമി, കെട്ടിടം, ഒഴികെയുള്ള സ്ഥിരമൂലധന നിക്ഷേപത്തിന്റെ 40% (ഒരു കുടുംബത്തിന് 35,000/- രൂപ ആകെ 35 ലക്ഷം രൂപ എന്നീ പരിധികൾക്ക് വിധേയമായി) ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ട് അനുവദിക്കാവുന്നതാണ്. ഇതിനു പുറമെ വേണ്ടിവരുന്ന തുക ബാങ്ക് വായ്പ, ഗുണഭോക്തൃ വിഹിതം, മറ്റു ധനസ്രോതസ്സുകൾ തുടങ്ങിയവയിലൂടെ കണ്ടെത്തേണ്ടതാണ്.

**അപേക്ഷകളുടെ പരിശോധനയും അംഗീകാരം നല്കലും**

നിശ്ചിത ഫോർമാറ്റിലൂള്ള അപേക്ഷ സി.ഡി.എസ്സും തുടർന്ന് ജില്ലാ മിഷൻ കോ-ഓർഡിനേറ്ററും പരിശോധനയ്ക്ക് വിധേയമാക്കി അർഹത ബോധ്യപ്പെട്ട ശേഷം മാത്രമെ സംസ്ഥാന മിഷനിൽ സമർപ്പിക്കുവാൻ പാടുള്ളു.

സംസ്ഥാന മിഷനിൽ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് അംഗീകാരം നല്കുന്നതിന് താഴെപറയുന്നവർ അംഗങ്ങളായിട്ടുള്ള ഒരു പ്രോജക്ട് അംഗീകാര കമ്മിറ്റി ഉണ്ടായിരിക്കും.

| | |
|---|---|
| എക്സിക്യൂട്ടീവ് ഡയറക്ടർ | - അദ്ധ്യക്ഷ |
| ഡയറക്ടർ (എ & എഫ്) | - കൺവീനർ |
| പ്രോഗ്രാം ഓഫീസർ (എം.ഇ) | - അംഗം |
| അക്കൗണ്ട്സ് ഓഫീസർ | - അംഗം. |

ഇതിനുപുറമെ, സാങ്കേതിക ഉപദേശം നല്കുന്നതിന് ആവശ്യമെങ്കിൽ വിദഗ്ദ്ധരെ കമ്മിറ്റിയിൽ ഉൾപ്പെടുത്തുന്നതിന് അദ്ധ്യക്ഷയ്ക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

സംസ്ഥാന മിഷനിൽ ലഭിക്കുന്ന ഓരോ അപേക്ഷയും മേൽപറഞ്ഞ കമ്മിറ്റി അംഗീകരിക്കുന്ന മുറയ്ക്ക് തുക അനുവദിച്ച് നല്കുന്നതാണ്.

**അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ**

1) പ്രോജക്ട് റിപ്പോർട്ട് (നിലവിലുള്ളതും പുതുതായി തയ്യാറാക്കിയതും)

2) ബാങ്ക് ലോൺ അനുവദിച്ചുകൊണ്ടുള്ള കത്ത്

3) നിലവിലുള്ള ബാങ്ക് വായ്പ തിരിച്ചടവ് വിവരങ്ങൾ

4) ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ് (മെമ്പർ സെക്രട്ടറിയോ സി.ഡി.എസ്. ചെയർപേഴ്സണോ സാക്ഷ്യപ്പെടുത്തിയത്)

5) പ്രോജക്ടിന് അംഗീകാരം നല്കിക്കൊണ്ടുള്ള സംരംഭക കൂട്ടായ്മ/ പ്രൊഡ്യൂസർ കമ്പനിയുടെ ഭരണ സമിതി തീരുമാനം

6) അംഗങ്ങളുടെ ഗ്രൂപ്പ് ഫോട്ടോ.

7) കഴിഞ്ഞ ആറുമാസക്കാലത്തെ വരവ് ചെലവ് കണക്കിന്റെ സ്റ്റേറ്റ്മെന്റ് (എം.ഇ.സിയോ കാസ് അംഗമോ തയ്യാറാക്കിയത്)

8) ജില്ലയിലെ എം.ഇ. കൺസൾട്ടന്റ് അല്ലെങ്കിൽ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ അന്വേഷണ റിപ്പോർട്ട്. (മൂന്നു വർഷക്കാലമായി പ്രവർത്തിക്കുന്നുണ്ട് എന്നത് പ്രത്യേകം പരാമർശിക്കണം).

9) സാങ്കേതിക വിദ്യ ലഭ്യമാക്കുന്ന സ്ഥാപനത്തിന്റെ കത്ത് അല്ലെങ്കിൽ യന്ത്രസാമഗ്രികൾ ലഭ്യമാക്കുന്നതിന് പ്രാപ്തമായ കുറഞ്ഞത് 3 ഏജൻസികളിൽ നിന്നുള്ള പ്രൊഫോർമാ ഇൻവോയിസ്.

(ഒപ്പ്)

**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

സംസ്ഥാനമിഷനിലെ എല്ലാ സെക്ഷനുകൾക്കും

എല്ലാ ജില്ലാമിഷൻ കോ-ഓർഡിനേറ്റർമാർക്കും,

എല്ലാ സിഡിഎസുകൾക്കും (ഡിഎംസി മുഖേന)

എല്ലാ എഡിഎസ്- അയൽക്കൂട്ടങ്ങൾക്കും (സിഡിഎസ് മുഖേന)

എല്ലാ എം.ഇ.സി മാർക്കും ( ജില്ലാമിഷൻ മുഖേന)

അംഗീകാരത്തോടെ,

അക്കൗണ്ട്സ് ഓഫീസർ